3D PRINTING BUILDING TECHNOLOGY CENTRE

നൂതന സാങ്കേതിക വിദ്യയിൽ നിർമ്മിച്ച **Robotic 3D** പ്രിൻ്ററുകൾ ഉപയോഗിച്ച് കെട്ടിടങ്ങളും മറ്റു അനുബന്ധ ഘടകങ്ങളും നിർമ്മിക്കുന്ന അത്യാധുനിക സാങ്കേതിക വിദ്യയാണ് **3D Printing Building Technology .**

സങ്കീർണ്ണമായ ആകൃതികളും, ഘടനകളും വളരെ കൃത്യതയോടെ നിർമ്മിക്കാൻ പ്രാപ്തമാക്കുന്ന **Digital Design** കളെ അടിസ്ഥാനമാക്കി പ്രത്യേകം രൂപപ്പെടുത്തിയെടുക്കുന്ന കോൺക്രീറ്റ് മിശ്രിതം ഓരോ ഇഴകളായി ഒന്നിനുമേൽ പാളികളായി നിക്ഷേപിച്ച് ഭിത്തികൾ നിർമ്മിക്കുന്ന രീതിയാണ് **3D Printing** സാങ്കേതിക വിദ്യ. സമയ ലാഭത്തിനൊപ്പം കുറഞ്ഞ മാനവശേഷിയിൽ നിർമ്മാണ വസ്തുക്കളുടെ പാഴ്ചെലവ് വരാതെയുള്ള നിർമ്മാണ രീതി എന്ന പ്രത്യേകതയും ഇതിനുണ്ട്.

ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിച്ച സംസ്ഥാനത്തെ ആദ്യത്തെ **building** ആയ **"AMAZE 28"** കെസ്റ്റിക് കാമ്പസിലാണ് സ്ഥിതി ചെയ്യുന്നത് **380** ചതുരശ്ര അടി വിസ്തീർണ്ണത്തിൽ പരമ്പരാഗത രീതിയിലുള്ള കോൺക്രീറ്റ് മേൽക്കൂരയോടു കൂടിയ ഈ കെട്ടിടം കേവലം **28** ദിവസം കൊണ്ടാണ് പൂർത്തീകരിച്ചത്. **11** ലക്ഷം രൂപയാണ് ഇതിന് ചെലവായ തുക. **Chennai IIT** രൂപീകരിച്ച **Asha Global** കമ്പനിയായ **TVASTA** സഹായത്തോടെയാണ് **"AMAZE 28"** നിർമ്മിച്ചിരിക്കുന്നത്.

3D Printing സാങ്കേതിക വിദ്യയെകുറിച്ച് പഠിക്കുന്നതിനും, മനസ്സിലാക്കുന്നതിനും റിസർച്ച് ആൻറ് ഡെവലപ്പ്മെൻറ് പ്രവർത്തനങ്ങൾക്കുമായി **30** ലക്ഷം രൂപ ചെലവിൽ **3D Printing Machine** കെസ്റ്റിക് കാമ്പസിൽ സ്ഥാപിച്ചിരിക്കുന്നു. ഈ മെഷീൻ ഉപയോഗിച്ച് **3D** മോഡൽ ബെഞ്ചുകൾ, ചെടിച്ചട്ടികൾ തുടങ്ങിയവയുടെ ഉത്പാദനവും സാധ്യമാണ്.

ഈ സാങ്കേതിക വിദ്യയെക്കുറിച്ച് നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനുള്ള അവസരം കെസ്റ്റിക് കാമ്പസിൽ ഒരുക്കിയിട്ടുണ്ട്. **2026** ഡിസംബർ **31** വരെ പൊതുജനങ്ങൾക്കും , സാങ്കേതിക വിദഗദ്ധർക്കും, വിദ്യാർത്ഥികൾക്കും സൗജന്യമായി ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. കാമ്പസ് സന്ദർശിക്കുന്നതിന് താൽപ്പര്യമുള്ളവർ ചുവടെപ്പറയുന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.,

3D Printing Building Technology Centre

Co-ordinator -9447774077